കോവിഡ്

കൊച്ചി ▸ ബെന്നി ബെഹനാൻ എം.പി.ക്ക് കോവിഡ് സ്ഥിരീകരിച്ചു. അദ്ദേഹത്തിന്റെ രണ്ടാഴ്ചത്തെ എല്ലാ പൊതു പരിപാടികളും റദ്ദാക്കി. കഴിഞ്ഞദിവസങ്ങളിൽ താനുമായി സമ്പർക്കത്തിൽ വന്ന എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ബെന്നി ബഹനാൻ അറിയിച്ചു.

# കുത്തിവെപ്പെടുത്ത ആഴ്ചകൾ കഴിഞ്ഞ് ഹരിയാണ മന്ത്രിക്ക് കോവിഡ്

## കുത്തിവെച്ചത് ആദ്യഡോസ് മാത്രം

## പ്രതിരോധശേഷി ലഭിക്കാൻ സമയമായില്ലെന്ന് കേന്ദ്രം

ചണ്ഡീഗഢ് ▸ കോവിഡ് വാക്സിൻ പരീക്ഷണത്തിന്റെ ഭാഗമായി കുത്തിവെപ്പുസ്വീകരിച്ചതിനുപിന്നാലെ ഹരിയാണ ആരോഗ്യമന്ത്രി അനിൽ വിജിന് (67) കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞമാസം 20-നാണ് ഭാരത് ബയോടെക്കിന്റെ കോവാക്സിൻ മൂന്നാംഘട്ട പരീക്ഷണത്തിൽ മന്ത്രി പങ്കാളിയായത്. സംസ്ഥാനത്തെ ആദ്യ സന്നദ്ധപ്രവർത്തകനായാണ് മന്ത്രി കുത്തിവെപ്പ് സ്വീകരിച്ചത്. രോഗം ബാധിച്ച വിവരം മന്ത്രിതന്നെയാണ് പുറത്തുവിട്ടത്.

അംബാല കൻേറാൺമെൻറിലെ സിവിൽ ഹോസ്പിറ്റലിൽ ചികിത്സയിലാണ് മന്ത്രി. അടുത്തിടെ പാനിപ്പത്തിൽ ബി.ജെ.പി. നേതാവിനെ സന്ദർശിച്ചിരുന്നെന്നും അദ്ദേഹത്തിന് കോവിഡ് ബാധിച്ചെന്നറിഞ്ഞതിനെത്തുടർന്നാണ് താൻ പരിശോധനയ്ക്ക് വിധേയനായതെന്നും മന്ത്രി പറഞ്ഞു.

"ഞാൻ സ്വീകരിച്ചത് ആദ്യഘട്ട കുത്തിവെപ്പാണ് 28 ദിവസത്തിനുശേഷം രണ്ടാംതവണ കുത്തിവെപ്പെടുത്താലാണ് ആൻറിബോഡികൾ ഉണ്ടാകുക.

പൂർണമായും ആൻറിബോഡികൾ ഉണ്ടാവണമെങ്കിൽ വീണ്ടും 14 ദിവസം കഴിയണം. ഇതിനെല്ലാം കൂടി 42 ദിവസമെടുക്കും. അതിനിടയിൽ ശരീരത്തിൽ രോഗത്തെ ചെറുക്കാൻ പ്രതിരോധവുമുണ്ടാവില്ല" -അനിൽവിജ് വാർത്താ ഏജൻസിയായ പി.ടി.ഐ.യോട് പറഞ്ഞു.

ഞായറാഴ്ച വാക്സിന്റെ രണ്ടാം ഡോസ് കുത്തിവെക്കുമെന്നും മന്ത്രി അറിയിച്ചു.

കോവാക്സിന്റെ രണ്ടാംഘട്ടകുത്തിവെപ്പ് സ്വീകരിച്ച് നിശ്ചിതദിവസങ്ങൾ കഴിഞ്ഞാൽമാത്രമേ മനുഷ്യശരീരത്തിൽ വൈറസിനെ പ്രതിരോധിക്കാനുള്ള ആൻറിബോഡികൾ ഉണ്ടാകൂവെന്നും മന്ത്രി സ്വീകരിച്ചത് ആദ്യഘട്ടം മാത്രമാണെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയവും വ്യക്തമാക്കി. ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലുമായിച്ചേർന്നാണ് ഭാരത് ബയോടെക് കോവാക്സിൻ വികസിപ്പിച്ചത്.


BCL
THRISSUR
9400497840
INSTANT LOAN
5000 രൂപ മുതൽ 30000 രൂപ വരെ



कॅनरा बैंक Canara Bank
Syndicate

**TENDER FOR PREMISES**

Offers invited under **TWO-BID SYSTEM** for ready to move-in commercial space.

| LOCATION | DISTRICT | CARPET AREA |
| --- | --- | --- |
| IRINJALAKKUDA | THRISSUR | 1700 sqft |

Details and application form may be downloaded from Bank's **Website: http://www.canarabank.com. Last date for submission: 21/12/2020 upto 2.00 P.M.** Further, communications, corrigendum, amendments, if any, will be hosted in Bank's website only.

(Sd/-)
ASSISTANT GENERAL MANAGER
PREMISES & ESTATE SECTION,
CIRCLE OFFICE, TRIVANDRUM

Place: Thiruvananthapuram
Date : 06.12.2020





98-ാം പിറന്നാൾ
6.12.20
ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട അമ്മ
ശ്രീദേവി അന്തർജനം
ആയുരാരോഗ്യ സൗഖ്യങ്ങൾക്കായി
പ്രാർത്ഥിച്ചുകൊണ്ട്
-ആശംസകളോടെ,
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ,
അവരുടെ മക്കൾ എന്നിവർ
പരമേശ്വരൻ നമ്പൂതിരി
ആറ്റുപുറത്ത്മന, പഴുന്നാന



A Mathrubhumi Initiative

കിച്ചൻ ട്രെൻഡി ആക്കണോ?
മാതൃഭൂമി ഫൈൻഡ്ഹോം
ഇൻറീരിയർ ഫെസ്റ്റ് സന്ദർശിക്കൂ

findhome.com
INTERIOR FEST 2020
Nov. 25th - Dec. 25th

Scan QR Code

Visit: www.findhome.com/interiorfest



ഓൺലൈനിലൂടെ ഓർഡർ ചെയ്യൂ
എല്ലാ പുസ്തകങ്ങളും കൈകളിലെത്തും





പുസ്തകങ്ങൾക്ക് 10% - 40%* വരെ വിലക്കിഴിവ്
FREE ഡെലിവറി
സ്കാൻ ചെയ്യൂ
മാതൃഭൂമി ബുക്സ്
Visit: buybooks.mathrubhumi.com
*Delivery subject to Government rules and regulations